സി.ഇ.ഇ./4900/പി.ജി.എം/2020/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2020 –ലെ പി.ജി.മെഡിക്കൽ/പി.ജി.ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

**ഭിന്നശേഷിക്കാരായ (PwD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന**

2020–21 അധ്യയനവർഷം കേരളത്തിലെ പി.ജി. മെഡിക്കൽ/പി.ജി. ദന്തൽ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകരിൽ **Persons with Disabilities (PwD)** വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുള്ള മെഡിക്കൽ പരിശോധന **2020 ജൂൺ 16–ാം തീയതി രാവിലെ 10.30–ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച്** നടത്തുന്നതാണ്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അറിയിപ്പ് മെമ്മോ/ഇ–മെയിൽ അയക്കുന്നതാണ്. **PwD** വിഭാഗത്തിൽപ്പെട്ട മെമ്മോ ലഭിക്കാത്ത വിദ്യാർത്ഥികളും ഇതൊരറിയിപ്പായി കണക്കാക്കി മേൽപ്പറഞ്ഞ ദിവസം മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ അപേക്ഷയുടെ കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട്, യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, അറിയിപ്പ് മെമ്മോ/ഇ–മെയിൽ, പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് എന്നിവയുമായി നേരിട്ട് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. മെഡിക്കൽ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ **Persons with Disabilities (PwD)** വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

കോവിഡ്–19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ/ആരോഗ്യവകുപ്പ് നിഷ്ക്കർഷിക്കുന്ന മുൻകരുതലുകളും, മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടായിരിക്കും മെഡിക്കൽ ബോർഡ് സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾ മേൽ വകുപ്പുകളുടെ നിർദ്ദേശങ്ങളോട് സഹകരിക്കണമെന്നും അറിയിക്കുന്നു.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03.06.2020